# നുറുങ്ങുകൾ

1947-ൽ ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ രൂക്ഷമായ വർഗീയ കലാപങ്ങൾ അരങ്ങേറുകയുണ്ടായി. ഡൽഹി, ഹരിയാന, ഹിമാചൽപ്രദേശ് എന്നിവിടങ്ങളിലെ ന്യൂനപക്ഷ മുസ്‌ലിംകൾ കടുത്ത അക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയായി. മുസ്‌ലിംകളിലെ സമ്പത്തും വിദ്യാഭ്യാസവുമുള്ള വിഭാഗങ്ങൾ പാക്കിസ്ഥാനിലേക്ക് പലായനം ചെയ്തപ്പോൾ അവശേഷിച്ച പാവപ്പെട്ടവരും വിദ്യാവിഹീനരുമായ മുസ്‌ലിംകൾ ചെകുത്താനും കടലിനുമിടയിൽ പെട്ട സ്ഥിതിയിലായി. പലരും കലാപത്തിൽ കൊല്ലപ്പെട്ടു. പലരും ജീവരക്ഷാർഥം മതം മാറാൻ നിർബന്ധിതരായി.

ഇങ്ങനെ നിർബന്ധിത സാഹചര്യത്തിൽ മതം മാറിയ പതിനായരക്കണക്കിനു മുസ്‌ലിം കുടുംബങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ട്. അവരുടെ മൂന്നാംതലമുറ ഇപ്പോൾ യൗവ്വനത്തിലേക്ക് കടന്നിരിക്കുന്നു. ഇത്തരക്കാരുടെ സംഖ്യ ഹരിയാനയിൽ മാത്രം ആറുലക്ഷത്തോളം വരും. ഹിന്ദുസംസ്കാരവും ജീവിത ശൈലിയും അനുസരിച്ചാണ് ഇവർ വളരുന്നത്.

മതപരിത്യാഗികളായി ജീവിതം നയിച്ചു വരുന്ന ഇവർ മൂന്ന് ഇനങ്ങളിൽ പെടുന്നവരാണ്.

1. ഹിന്ദു സംസ്കാരവും ജീവിതശൈലിയും അനുവർത്തിക്കുന്നതിൽ സംതൃപ്തരാണിവർ. തങ്ങൾ ഹിന്ദുക്കളായി അറിയപ്പെടുന്നതിൽ അവർക്ക് വിരോധമില്ല. പാരമ്പര്യ ഹിന്ദുക്കളും അവരെ ഹിന്ദുക്കളായി തന്നെയാണ് മനസ്സിലാക്കുന്നത്. ഇവർ മുസ്‌ലിം പാരമ്പര്യമുള്ളവരാണെന്നതിനു തെളിവ് അവരിൽ ഭൂരിഭാഗവും മയ്യിത്ത് ഖബറടക്കുന്നവരാണ് എന്നത്രെ. ശവം ദഹിപ്പിക്കുന്ന സമ്പ്രദായം അവരിൽ അപൂർവമായേ കണ്ടുവരുന്നുള്ളൂ. എങ്കിലും ഇസ്‌ലാമിനെക്കുറിച്ച് യാതൊരു വിവരവും അവർക്കില്ല.

2. സ്വയം ഹിന്ദുക്കളായി നടക്കുന്നതിനോ തങ്ങളെ ഹിന്ദുക്കളായി അവതരിപ്പിക്കുന്നതിനോ മടിയില്ലാത്തവരാണ് ഇവർ. എങ്കിലും പാരമ്പര്യ ഹിന്ദുക്കൾ ഇവരെ ഹിന്ദുക്കളായി ഗണിക്കുന്നില്ല. മയ്യിത്ത് ഖബറടക്കുന്നതും വിവാഹസമയത്ത് നികാഹ് നടത്തുന്നതുമാണ് ഇവർ ഒരു കാലത്ത് മുസ്‌ലിംകളായിരുന്നു എന്നതിന് ഇപ്പോൾ അവശേഷിക്കുന്ന തെളിവ്. ഇസ്‌ലാമിനെക്കുറിച്ച് ഇവർക്കും ഒരു വിവരവുമില്ല.

3. ഇവർ തങ്ങൾ മുസ്‌ലിംകളാണെന്ന് മനസ്സിലാക്കുന്നുണ്ട്. ഹിന്ദുക്കളും ഇവരെ മുസ്‌ലിംകളായാണ് ഗണിക്കുന്നത്. പെരുന്നാൾ ദിവസങ്ങളിൽ ഈദുഗാഹിൽ പങ്കെടുക്കുകയും (നമസ്കരിക്കാൻ അറിയില്ലെങ്കിലും) നിക്കാഹ് നടത്തുകയും മയ്യിത്ത് ഖബറടക്കുകയും ചെയ്യുന്നതാണ് ഇവർ മുസ്‌ലിംകളായിരുന്നു എന്നതിന് തെളിവ്. ഇസ്‌ലാമിനെക്കുറിച്ച വിവരം ഇവർക്കുമില്ല.

സാഹചര്യത്തിന്റെ അപ്രതിരോധ്യമായ സമ്മർദം മൂലം ഇസ്‌ലാം ഉപേക്ഷിക്കാൻ നിർബന്ധതരായിത്തീരുകയും ഇപ്പോൾ സ്വന്തം മതത്തിലേക്ക് തിരിച്ചുപോരുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലുമാകാത്ത വിധം ഹൈന്ദവ സംസ്കാരത്തിൽ ലയിച്ചുപോവുകയും ചെയ്ത ലക്ഷണക്കിന് വരുന്ന ഈ ഹതഭാഗ്യരെക്കുറിച്ച് അടുത്തകാലംവരെ ആർക്കും അറിവുണ്ടായിരുന്നില്ല. എഴുപതുകളുടെ ആദ്യത്തിലാണ് ഡൽഹിയിലെ ചില ജമാഅത്ത് പ്രവർത്തകർ ഈ മതപരിത്യാഗികളുടെ സാന്നിധ്യത്തെക്കുറിച്ച് ആദ്യമായി മനസ്സിലാക്കുന്നത്. അവരിൽ ചിലരെ ഡൽഹിയിലുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്ര ഓഫീസിലേക്ക് ക്ഷണിച്ച് വിരുന്നു നൽകുകയും തങ്ങളുടെ പൂർവകാലത്തെക്കുറിച്ച് അവരെ അനുസ്മരിപ്പിക്കുകയും ചെയ്തപ്പോൾ ആശാവഹമായ ഫലമാണ് അതുളവാക്കിയത്. പിന്നീട് മറ്റുസ്ഥലങ്ങളിലുള്ള ഇത്തരം മതപരിത്യക്തരെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭിച്ചത്. വിഭജന ഘട്ടത്തിലെ കാളരാത്രികളിൽ സ്വന്തം മതവും സംസ്കാരവും ഉപേക്ഷിക്കാൻ നിർബന്ധിതരായ ലക്ഷക്കണക്കിന് മുസ്‌ലിം ഹതഭാഗ്യരുടെ ഹൃദയഭേദകമായ ചിത്രം അനാവരണം ചെയ്യപ്പെട്ടു. ഇവരെ ഇസ്‌ലാമിലേക്ക് തന്നെ തിരിച്ചു കൊണ്ടുവരികയെന്ന ഭാരിച്ച ഉത്തരവാദിത്വം ജമാഅത്തിനെ തുറിച്ചുനോക്കി. എളിയ തോതിലാണെങ്കിലും പ്രസ്തുത ഉത്തരവാദിത്വം ജമാഅത്ത് നിർവഹിച്ചു പോരുന്നു. ഇതിനകം 500 ഗ്രാമങ്ങളിലും പട്ടണങ്ങളിലുമായി 5000ത്തോളമാളുകളിൽ ബോധവൽകരണപ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. അവരിൽ മൂന്നിലൊരു ഭാഗം തങ്ങൾ മുസ്‌ലിംകളാണെന്ന് മനസ്സിലാക്കാനും സ്വയം സംസ്കരിക്കാനും സന്നദ്ധരായിട്ടുണ്ട്. ഇവരെ ഇസ്‌ലാമിക വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കാനുള്ള ഏർപാടുകളും ചെയ്തുവരുന്നു. ഒരു ഗ്രാമത്തിൽ ഇരുനൂറോളം പേർ ഈ സംവിധാനമനുസരിച്ചുള്ള വ്യവസ്ഥാപിത പഠനക്ലാസുകളിൽ പങ്കെടുത്തു വരുന്നു. കഴിഞ്ഞ വർഷം ജൂണിൽ സംഘടിപ്പിച്ച ഒരു മാസം നീണ്ടുനിന്ന കേമ്പിൽ 40പേർക്ക് ദീനീവിദ്യാഭ്യാസം നൽകുകയുണ്ടായി. നാലു കുട്ടികളെ ദത്തെടുത്ത് എല്ലാ ചെലവുകളും നൽകി പ്രത്യേക വിദ്യാഭ്യാസം നൽകിവരുന്നു. ഇവരെ അടുത്തുതന്നെ ബൽറിയാഗഞ്ചിലെ ജാമിഅത്തുൽ ഫലാഹിലേക്ക് ഉപരിപഠനത്തിന് അയക്കുന്നതാണ്.

ആശാവഹമായ ഫലങ്ങളാണ് ഇതപര്യന്തമുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ചത്. ഇത് മുൻനിർത്തി കൂടുതൽ വിപുലവും വ്യവസ്ഥാപിതവുമായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മതപരിത്യാഗികളുടെ വാസസ്ഥലങ്ങളിൽ സഞ്ചരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് മുഴു സമയ-ഭാഗിക സമയ പ്രവർത്തകരെ നിയമിക്കുക, ഒരു പ്രബോധനകേന്ദ്രം സ്ഥാപിച്ച് മതപരിത്യാഗികൾക്ക് പ്രത്യേകമായുള്ള ക്ലാസുകളും ഒന്നോ രണ്ടോ മാസം നീണ്ടു നിൽക്കുന്ന പരിശീലനകേമ്പുകളും സംഘടിപ്പിക്കുക, തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ഉന്നത പഠനം നൽകുക എന്നിങ്ങനെ വിവിധ ഇനങ്ങൾ ഉൾകൊള്ളുന്നതാണ് പ്രസ്തുതപരിപാടി.

മൗലാനാ മൗദൂദി ഒരിക്കലും അക്കാദമിക പണ്ഡിതനായിരുന്നില്ല. ദന്തഗോപുരങ്ങളിലിരുന്നോ വിജനമായ മൂലകളിലിരുന്നുകൊണ്ടോ അദ്ദേഹം ചിന്തിച്ചില്ല. ശരിയായ അർഥത്തിലുള്ള ഒരു ചിന്തകനായിരുന്നു അദ്ദേഹം. ആ ചിന്തയുടെ സവിശേഷത അതിലടങ്ങിയ ചാലകശക്തിയായിരുന്നു. സമൂഹത്തെ ചലിപ്പിക്കാൻ കെൽപില്ലാത്ത ചിന്ത ഫലശൂന്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. മൗലാനാ മൗദൂദി എന്ന ചിന്തകന്റെ ഉള്ളിൽ ഒരു പ്രാസ്ഥാനികത കുടികൊണ്ടിരുന്നു. അതാണ് ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനത്തിനു രൂപം നൽകിയത്. ബൃഹത്തായ ഒരു ഗ്രന്ഥസമ്പത്ത് നമുക്ക് നൽകികൊണ്ടാണ് അദ്ദേഹം വിടപറഞ്ഞത്. ഈ ഗ്രന്ഥങ്ങൾ ലോകത്തിലെ നിരവധി ഭാഷകളിൽ ഇന്നുലഭ്യമാണ്. അവ ഇന്ന് ഇന്ത്യയുടേയോ പാക്കിസ്ഥാന്റെയോ മാത്രം സ്വത്തല്ല. മുഴുവൻ ഇസ്‌ലാമിക ലോകത്തിന്റെയും സ്വത്താണ്. ഇസ്‌ലാമിക ലോകത്തിന്റെ അതിർത്തികൾ കടന്ന് യൂറോപ്പിലും അമേരിക്കയിലുമെല്ലാം വമ്പിച്ച പ്രചാരം നേടിവരികയാണ് ഇന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ.

ബൃഹത്തായ ഈ ഗ്രന്ഥങ്ങൾ മാത്രമല്ല, ഇസ്‌ലാമികാടിത്തറയിൽ വാർക്കപ്പെട്ട ഒരു സംഘടനയെയും മൗദൂദി നമുക്ക് നൽകിയിട്ടുണ്ട്. ഇസ്‌ലാമികാടിത്തറയിൽ ഇത്തരമൊരു സംഘടനയെ പടുത്തുയർത്താൻ അദ്ദേഹം സഹിച്ച ത്യാഗങ്ങൾ ചില്ലറയൊന്നുമല്ല. ഇസ്‌ലാമിനുവേണ്ടി ജീവാർപ്പണം ചെയ്യാൻ കരുത്തും സന്നദ്ധതയുമുള്ള നിരവധി വ്യക്തിത്വങ്ങളെ വാർത്തെടുക്കാനും അദ്ദേഹത്തിനു സാധിച്ചു. ഇസ്‌ലാമിനുവേണ്ടി എണ്ണമില്ലാത്ത യാതനകൾ അദ്ദേഹം സഹിച്ചു. ഒന്നിലധികം തവണ ജയിൽവാസമനുഷ്ടിച്ചു. പക്ഷെ, എതിർപ്പുകളുടെ മുമ്പിൽ ഒരിക്കൽപോലും അദ്ദേഹം പിന്തിരിഞ്ഞില്ല... ശത്രുക്കളുടെ ഗൂഢാലോചനകളെയെല്ലാം അതജീവിച്ച് കൊണ്ട് മൗദൂദി സാഹിബ് മരണംവരെ തന്റെ ദൗത്യം തുടർന്നുകൊണ്ടിരുന്നു. മൗലാനാ മൗദൂദി മരിച്ചു എന്ന് ഞാൻ പറയുകയില്ല. മൗദൂദിയെപ്പോലുള്ള ഒരാൾ മരിക്കുകയില്ല. ഇത്രയും ഉദാത്തമായ ചിന്തയും മഹത്തായ ഒരു പ്രസ്ഥാനവും ലോകത്തിനു നൽകിയ ഒരു മഹാൻ മരിക്കുന്നതെങ്ങിനെ?

********

ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിലും പാക്കിസ്ഥാനിലും ഒറ്റപ്പെട്ടു നിൽക്കന്ന ഒരു സംഘടനയാണെന്ന് ആരും വിചാരിക്കരുത്. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകർ ലോകം മുഴുവൻ വ്യാപിച്ചുകിടപ്പുണ്ട്. യൂറോപ്പിലും അമേരിക്കയിലുമുള്ള ഇസ്‌ലാമിക സംഘടനകൾ ജമാഅത്തെ ഇസ്‌ലാമിയുടെയും അറബ് നാടുകളിലെ ഇഖ്‌വാനുൽ മുസ്‌ലിമൂനെപ്പോലുള്ള സംഘടനകളുടെയും പരസ്പര ബന്ധത്തിന്റെ നിദർശനങ്ങളാണ്. ജമാഅത്തെ ഇസ്‌ലാമി ഒരു സാർവലൗകിക പ്രസ്ഥാനമായി കഴിഞ്ഞിട്ടുണ്ട്.

(ഡോ. യൂസുഫുൽ ഖർദാവി ഉദ്ധരണം: പ്രബോധനം വാരിക; 1982 ജൂൺ 26)

**********

---

മുസ്‌ലിംകളുടെ ഏതു പ്രസ്ഥാനവും പരാജയപ്പെടുകയോ ആദ്യത്തിൽ വിജയിച്ച് ഒടുവിൽ തകരുകയോ ചെയ്യാനുള്ള പ്രധാന കാരണങ്ങളിലൊന്ന് സുസംഘടിതത്വത്തിന്റെ അഭാവമാണെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. അതിനാൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഘടന വളരെ കണിശവും ഭദ്രവുമായിരിക്കണമെന്ന് ഞാൻ തീരുമാനിച്ചു. ആർ തന്നെ സംഘടന വിട്ടാലും അത് അവഗണിക്കുകയല്ലാതെ സംഘടനാ വ്യവസ്ഥയിൽ അയവു വരുത്തിക്കൂടാ. കാരണം, അസംഘടിതമായ ഒരു സംഘടനക്ക് സുസംഘടിതമായ ശക്തികളെ നേരിടാൻ ഒരിക്കലും കഴിയില്ല. അംഗസംഖ്യ കുറഞ്ഞ ഒരു സംഘടന സുസംഘടിതമായും യുക്തിപൂർവമായും പ്രവർത്തിക്കുകയാണെങ്കിൽ ഒരു ജനതയെ ഒന്നടങ്കം നിയന്ത്രിക്കാൻ കഴിഞ്ഞെന്നു വരും. മറിച്ച്, ലക്ഷക്കണക്കിനു ജനങ്ങളെ നിങ്ങൾ ഒരുമിച്ചു കൂട്ടിയാലും അവരെ യഥാവിധി സംഘടിപ്പിച്ചില്ലെങ്കിൽ ഒരു പ്രവർത്തനവും നടത്താൻ അവർക്കു സാധിക്കുകയില്ല. ഇക്കാരണത്താലാണ് ഇസ്‌ലാമിന്റെ വീക്ഷണത്തിൽ മുസ്‌ലിമാവാനുള്ള ഏറ്റവും ചുരുങ്ങിയ ഉപാധികൾ ജമാഅത്ത് അംഗത്വത്തിന് ചുമത്തിയത്. നമ്മുടെ സ്വന്തം വകയായി നാമൊന്നും കൂട്ടിച്ചേർത്തിട്ടില്ല. മുസ്‌ലിംകളുടെ മേൽ അല്ലാഹു ചുമത്തിയ ബാധ്യതകൾ നിറവേറ്റണമെന്നേ നമ്മുടെ ഏതൊരു പ്രവർത്തകനോടും നാം ആവശ്യപ്പെടുന്നുള്ളൂ. പ്രസ്തുത ബാധ്യതകളുടെ നിർവഹണത്തിന് യാതൊരയവും പൊറുപ്പിക്കുന്നതല്ല. അപ്രകാരം തന്നെ ഇസ്‌ലാം ഹറാമാക്കിയ ഏതെങ്കിലും കാര്യം ചെയ്യുന്ന ഒരാളും ജമാഅത്ത് അംഗങ്ങളിൽ ഉണ്ടായിരിക്കരുത്. നിങ്ങൾ ജനങ്ങളെ തിന്മകളിൽനിന്നു തടയുകയും അതോടൊപ്പം തന്നെ നിങ്ങൾ തിന്മ പ്രവർത്തിക്കുകയുമാണെങ്കിൽ നിങ്ങളുടെ പ്രബോധനത്തിന് എന്തു ഫലമാണുണ്ടാവുകയെന്ന് വ്യക്തമാണല്ലോ.

-അബുൽ അഅ്‌ലാ മൗദൂദി

ജമാഅത്തെ ഇസ്‌ലാമിയുടെ സംസ്ഥാപനത്തിന് ഒരേയൊരു ലക്ഷ്യമാണുണ്ടായിരുന്നത്. ഭൂമുഖത്ത് അല്ലാഹുവിന്റെ ദീനിനെ സമ്പൂർണ ജീവിത പദ്ധതിയായി സ്ഥാപിക്കുക. ഇതൊഴികെ മറ്റെന്തെങ്കിലും ലക്ഷ്യമോ ഉദ്ദേശ്യമോ ജമാഅത്തെ ഇസ്‌ലാമിക്കില്ല.

സത്യദീനിനെ അല്ലാഹുവിന്റെ ഭൂമിയിൽ പരിപൂർണമായി വിജയിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യമെന്ന് ജമാഅത്തുമായി ഏതു വിധത്തിൽ ബന്ധപ്പെട്ടവരായാലും വിസ്മരിക്കാൻ പാടില്ല.

നാം രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നുവെങ്കിൽ അത് അംഗീകാരം നേടുന്നതിനോ മറ്റെന്തെങ്കിലും രാഷ്ട്രീയലക്ഷ്യ സാക്ഷാൽക്കാരത്തിനോ വേണ്ടിയല്ല. സത്യമതത്തിന്റെ സംസ്ഥാപനത്തിൽ വന്നുചേരുന്ന തടസ്സങ്ങളെ നീക്കാനും ജനാധിപത്യ രീതിയിലൂടെ രാജ്യത്ത് ഇസ്‌ലാമിക വിപ്ലവം വിജയിപ്പിച്ചെടുക്കാനും വേണ്ടി മാത്രമാണ്. ജനാധിപത്യ രീതിതന്നെ വിപ്ലവത്തിന് തെരഞ്ഞെടുക്കണമെന്ന് ജമാഅത്തിന് നിർബന്ധമുണ്ട്.

അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ടുതന്നെ പറയട്ടെ. ജമാഅത്തെ ഇസ്‌ലാമി ഏതെങ്കിലും വിധത്തിലുള്ള ഭീകരപ്രവർത്തനമോ അട്ടിമറിയോ ഒളിയുദ്ധമോ അതുപോലുള്ള നിയമവിരുദ്ധ മാർഗങ്ങളോ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ലക്ഷ്യം നേടാൻ ഒരിക്കലും സന്നദ്ധമല്ല. ആരെയെങ്കിലും ഭയപ്പെടുന്നതുകൊണ്ടല്ല അത് ജനാധിപത്യ രീതി മാത്രം അവലംബിച്ചുകൊണ്ട് വിപ്ലവം സൃഷ്ടിച്ചെടുക്കാൻ തീരുമാനിച്ചത്.

ഏതു സന്ദർഭത്തിലും നമ്മുടെ ഉദ്ദേശ്യശുദ്ധി പ്രകടിപ്പിക്കാൻ നമുക്കു കഴിയും. നമ്മിൽ നിയമലംഘനത്തിന്റെയോ ഭീകരപ്രവർത്തനത്തിന്റെയോ കുറ്റം ചുമത്താൻ ആർക്കും സാധ്യമല്ല- നാം കാംക്ഷിക്കുന്ന ഇസ്‌ലാമിക വിപ്ലവം മനുഷ്യമനസ്സിലാണ് ആദ്യമായി അരങ്ങേറിയത്. മനുഷ്യന്റെ മനോവികാരങ്ങളെ പരിവർത്തിപ്പിക്കാതെ ഇസ്‌ലാമിക വിപ്ലവം ഒരിക്കലും സാധിതമാവുകയില്ല; ഭൂമുഖത്തൊരിക്കലും സാധിച്ചിട്ടുമില്ല.

മനുഷ്യമനസ്സുകളിലെ ചിന്തകളെയും അവരുടെ സ്വഭാവശീലങ്ങളെയും മാറ്റാൻ കഴിയാതെ, ശക്തിയും അധികാരവുമുപയോഗിച്ചോ ഭീകരപ്രവർത്തന തന്ത്രങ്ങളുപയോഗിച്ചോ മാറ്റം വരുത്താമെന്നു കരുതുന്നത് വിഫല മോഹമാണ്- അങ്ങനെയുണ്ടാകുന്ന വിപ്ലവങ്ങൾക്കു വേരുറപ്പുണ്ടാവില്ല. അതെളുപ്പം വിപരീത ദിശ പ്രാപിക്കും. മറ്റൊരു വിപ്ലവത്തിന് ആ സ്ഥലം പാകപ്പെടുത്തുകയായിരിക്കും പരിണിത ഫലം. അതേപോലെ, കളവും ചതിയും ദുരാരോപണവും പ്രയോഗിച്ച് തെരഞ്ഞെടുപ്പു ജയിച്ച് അധികാരത്തിലേറുകയും രാഷ്ട്രീയ വിപ്ലവം നയിക്കുകയും ചെയ്യുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. അധികാരം മറിഞ്ഞു വീഴുമ്പോഴാണ് അതിന് വേര് തന്നെ ഇല്ലായിരുന്നുവെന്ന് നാം മനസ്സിലാക്കുക.

-അബുൽ അഅ്‌ലാ മൗദൂദി

---

1978. ഇസ്‌ലാമാബാദിൽ സമ്മേളിച്ച ഒന്നാം ഏഷ്യൻ ഇസ്‌ലാമിക് കോൺഫ്രൻസിൽ പങ്കെടുത്ത ശേഷം ഡൽഹി വിമാനത്താവളത്തിൽ ഞങ്ങൾ വന്നിറങ്ങി. അന്ന് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീറായിരുന്ന മർഹൂം മൗലാനാ യൂസുഫ് സാഹിബ്, അദ്അ്‌വ പത്രാധിപർ സൽമാൻ നദ്‌വി എന്നിവരോടൊപ്പം ഈയുള്ളവനുമുണ്ടായിരുന്നു. വിമാനത്താവളത്തിൽ യൂസുഫ് സാഹിബിന് വി.ഐ.പി. കോച്ച് ലഭിച്ചിരുന്നു. പക്ഷേ, അവിടെ ഇരിക്കാതെ അദ്ദേഹം ഞങ്ങളോടൊപ്പം വന്നിരുന്നു.

വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ സിക്കുകാരനായ കസ്റ്റംസ് ഉദ്യോഗസ്ഥൻ ഞങ്ങളുടെ അടുത്തേക്കു വന്നു. അദ്ദേഹത്തെ കണ്ടയുടനെ യൂസുഫ് സാഹിബ് ലഗേജ് അദ്ദേഹത്തിന്റെ മുമ്പിലേക്ക് നീക്കിവെച്ചുകൊടുത്തു. പക്ഷേ അദ്ദേഹം ലഗേജു പരിശോധിച്ചില്ല. പരിശോധന ആവശ്യമില്ലെന്നും ഞങ്ങൾക്കു പോകാമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ യൂസുഫ് സാഹിബ് അത് സമ്മതിച്ചില്ല. ലഗേജു ചെക്കുചെയ്യാതെ ഞങ്ങൾ പുറത്തുപോവുകയില്ലെന്ന് അദ്ദേഹം ശഠിച്ചു. എന്തു തന്നെയായാലും അവ തുറന്നു പരിശോധിക്കുകയില്ലെന്ന് ഉദ്യോഗസ്ഥനും. "വിമാനത്തിൽ വന്നിറങ്ങിയവരുടെ ലഗേജുകൾ പരിശോധിക്കുക എന്നത് എയർപോർട്ടിലെ നിയമമാണ്. താങ്കളുടെ ഡ്യൂട്ടിയാണ്. അത് നിർവഹിക്കുന്നതിന് ഞങ്ങളോടുള്ള പരിഗണന തടസ്സമാവരുത്.'' യൂസുഫ് സാഹിബ് പറഞ്ഞു. "നിങ്ങളെ കണ്ടിട്ട് വളരെ സാത്വികരായ ആളുകളായിട്ടാണ് തോന്നുന്നത്. നിങ്ങളിൽനിന്നും ഒരു കുഴപ്പവും ഉണ്ടാവുകയില്ല. അതുകൊണ്ട് ലഗേജ് പരിശോധിക്കേണ്ട ഒരാവശ്യവുമില്ല'' എന്നായിരുന്നു ഉദ്യോഗസ്ഥന്റെ നിലപാട്. '' ഞങ്ങൾ ജമാഅത്തെ ഇസ്‌ലാമിയുടെ വക്താക്കളാണ്. മാത്രമല്ല, പാക്കിസ്ഥാനിൽ നിന്നാണ് വരുന്നതും. ഞങ്ങളുടെ ലഗേജുകൾ പരിശോധിച്ചല്ലാതെ ഞങ്ങൾ പോവുകയില്ല.'' യൂസുഫ് സാഹിബ് വാശിപിടിച്ചപ്പോൾ ഉദ്യോഗസ്ഥൻ ലഗേജിന്മേൽ ഒരൊറ്റക്കിടത്തം. എന്തുവന്നാലും അതുതുറന്നു പരിശോധിക്കുകയില്ലെന്ന് അദ്ദംഹം ശാഠ്യംപിടിച്ചു. മാത്രമല്ല, കൂടെയുള്ള ഞങ്ങളുടെ പെട്ടികളും പരിശോധിക്കുകയില്ലെന്ന് അദ്ദേഹം തീർത്തുപറഞ്ഞു.

തുടർന്ന് യൂസുഫ് സാഹിബും ആ മനുഷ്യനും തമ്മിൽ ഒരു മണിക്കൂർ നേരം സംസാരിച്ചു. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും യൂസുഫ് സാഹിബിന്റെ സരളമായ ഇംഗ്ലീഷിലുള്ള വിവരണം കേട്ടപ്പോൾ അദ്ദേഹത്തിന് ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള ഇസ്‌ലാമിക സാഹിത്യങ്ങൾ കിട്ടണമെന്നായി. ഓഫീസിൽ എത്തിയശേഷം പുസ്തകങ്ങൾ അയക്കാൻ ഏർപാട്ചെയ്യാമെന്ന് യൂസുഫ് സാഹിബ് വാക്കുകൊടുത്തു.

ഓഫീസിൽ എത്തിയ ഞങ്ങൾ വിശ്രമിക്കാനും യാത്രാക്ഷീണമകറ്റാനും പോയി. എന്നാൽ യൂസുഫ് സാഹിബ് ആ കസ്റ്റംസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ട പുസ്തകങ്ങൾ അദ്ദേഹത്തിനു അയച്ചുകൊടുക്കാനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കിയശേഷമേ വിശ്രമത്തെക്കുറിച്ച് ചിന്തിച്ചുള്ളൂ.

**അബ്ദുറഹ്മാൻ തറുവായി**

### ദാറുൽ ഇസ്‌ലാം ജൗഹറാബാദ്

ഇന്ത്യാവിഭജനത്തിനുശേഷം പാക്കിസ്ഥാനിലേക്കുപോയ ചൗധരി നിയാസ് അലിഖാൻ ജൗഹറാബാദിലാണ് താമസമാക്കിയത്. പഠാൻകോട്ട് മാതൃകയിൽ ഇവിടെയും ഒരു ദാറുൽ ഇസ്‌ലാം ട്രസ്റ്റും ദാറുൽ ഇസ്‌ലാം ബസ്തിയും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ദാറുൽ ഇസ്‌ലാം ജൗഹറാബാദ് എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്. പഠാൻകോട്ടെന്ന പോലെ ജൗഹറാബാദിലും പ്രകൃതിരമണീയവും പ്രശാന്തസുന്ദരവുമായ ഒരു സ്ഥലം ദാറുൽ ഇസ്‌ലാമിനുവേണ്ടി അദ്ദേഹം വിലക്കുവാങ്ങുകയുണ്ടായി. അവിടെ ഒരു പള്ളി, ലൈബ്രറി, ഹോസ്റ്റൽ, കാന്റീൻ, അതിഥിമന്ദിരം, ജീവനക്കാരുടെ താമസത്തിനു അഞ്ചു വീടുകൾ എന്നിവ നിർമിക്കുകയും ചെയ്തു. പ്രാപ്തിയും പക്വതയുമുള്ള ഒരു പണ്ഡിതനെ കൊണ്ടുവന്ന് ദാറുൽ ഇസ്‌ലാമിന്റെ മേൽനോട്ടം ഏൽപിക്കണമെന്ന് നിയാസ് അലിസാഹിബ് ആഗ്രഹിച്ചിരുന്നു. ഇതിനുവേണ്ടി മൗലാനാ മൗദൂദിയെത്തന്നെയാണ് അദ്ദേഹം ആദ്യം സമീപിച്ചത്. എന്നാൽ, ലാഹോറിൽ പുതിയ ആസ്ഥാനം സ്ഥാപിച്ച് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നതിനാൽ മൗദൂദിക്ക് ആ ക്ഷണം സ്വീകരിക്കാൻ കഴിഞ്ഞില്ല. തുടർന്ന് മൗലാനാ മൻസൂർ നുഅ്മാനി, മൗലാനാ അബുൽഹസൻ അലിനദ്‌വി, മൗലാനാ അബ്ദുൽമാജിദ് ദർയാബാദി, മുഹമ്മദ് അസദ്, ഡോക്ടർ ആബിദ് അഹ്‌മദ് അലി, മൗലാനാ അബ്ദുൽബാരി നദ്‌വി തുടങ്ങി പ്രഗത്ഭരും പ്രശസ്തരുമായ പലരുടെയും മുമ്പിൽ തന്റെ പദ്ധതി അദ്ദേഹം സമർപ്പിക്കുകയുണ്ടായി. പക്ഷേ, പലകാരണങ്ങളാലും അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിക്കാൻ അവർക്കും സാധിച്ചില്ല. എങ്കിലും യുവതലമുറക്ക് ഇസ്‌ലാമിക ശിക്ഷണവും വിദ്യാഭ്യാസവും നൽകുന്നതിൽ വിലപ്പെട്ട സേവനങ്ങളാണ് ജൗഹറാബാദ് ദാറുൽ ഇസ്‌ലാം നിർവഹിക്കുന്നത്. ജൗഹറാബാദിൽ ഒരു ഗേൾസ് ഹൈസ്കൂളും ബോയ്സ് ഹൈസ്കൂളും ദാറുൽ ഇസ്‌ലാം ട്രസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിൽ വിദ്യാർഥികളുടെ ഇസ്‌ലാമിക സ്വഭാവം വളർത്തിയെടുക്കുന്നതിനുള്ള ഏർപാടുകളുണ്ട്. പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിൽ നിയാസ്അലി സാഹിബ് സ്ഥാപിച്ചിരുന്ന ലൈബ്രറി വിഭജനത്തെത്തുടർന്നു തീർത്തും നഷ്ടപ്പെട്ടിരുന്നു. എന്നാൽ, അതിനേക്കാൾ മെച്ചപ്പെട്ട ഒരു ലൈബ്രറിയാണ് അദ്ദേഹം ജൗഹറാബാദിൽ സ്ഥാപിച്ചത്. ഗവേഷണാർഥം വരുന്നർക്ക് അതിഥിയായി താമസിക്കുന്നതിനുള്ള സൗകര്യങ്ങളും അവിടെയുണ്ട്.

* * * * *

ജമാഅത്ത് ആസ്ഥാനമായിരുന്ന പഠാൻകോട്ടിലെ ദാറുൽ ഇസ്‌ലാം ബസ്തി വിഭജനാനന്തരം പലരും അനധികൃതമായി കൈയടക്കിവെച്ചിരിക്കായിരുന്നു. ഇപ്പോൾ പഞ്ചാബ് വഖഫ് ബോർഡിന്റെ പുതിയ ചെയർമാൻ, ചൗധരി നിയാസ് അലിയുടെ ആ വഖഫ് സ്ഥലം കൈയേറ്റക്കാരിൽനിന്ന് ഒഴിപ്പിച്ചെടുത്ത് മുസ്‌ലിംകളുടെ ഒരു ട്രസ്റ്റിന് ഏൽപിച്ചുകൊടുത്തിരിക്കുന്നു. അവിടെ മൗലാനാ മൗദൂദിക്ക് അനുയോജ്യമായ ഒരു സ്മാരകം പണിയാൻ ഉദ്ദേശിക്കുന്നതായി ട്രസ്റ്റ് ഭാരവാഹികൾ വെളിപ്പെടുത്തുകയുണ്ടായി.

(തക്ബീർ 1991 ഒക്ടോബർ 31)

---

സഹോദര സംഘടനകൾ നടത്തുന്ന ചില സ്ഥാപനങ്ങൾ ജമാഅത്ത് അനുഭാവികളായ വിദ്യാർഥികളോട് ഒരുതരം ചിറ്റമ്മനയമാണ് കൈകൊണ്ടിരുന്നത്. പല വിദ്യാർഥികളും അവർ ജമാഅത്ത് അനുഭാവികളാണെന്ന കാരണത്താൽ സ്ഥാപനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ടു. തന്മൂലം പലർക്കും തങ്ങളുടെ പഠനം പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ബഹിഷ്കൃതരായ പല വിദ്യാർഥികൾക്കും അന്ന് രക്ഷാഹസ്തം നീട്ടിയ ഒരു മഹാനുണ്ടായിരുന്നു. മർഹൂം അബുസ്സബാഹ് അഹമ്മദലി മൗലവി (റ). റൗളത്തുൽ ഉലൂം അറബികോളേജിന്റെ പ്രിൻസിപ്പാളായിരുന്ന അദ്ദേഹം ഇത്തരം വിദ്യാർഥികൾക്ക് തന്റെ സ്ഥാപനത്തിൽ പ്രവേശനം നൽകി അവരുടെ പഠനം പൂർത്തിയാക്കാൻ സഹായിച്ചു. ഈ നിലപാടിനെ വിമർശിച്ച ചില ജമാഅത്ത് വിരോധികൾക്ക് അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

“അയ്യുൻകാന മയ്‌ലൂഹു വ നഹ്‌ലുഹു ലാനുബാലീ ബിദാലിക ഇൻകാന മുഅ്മിനൻ മുത്തഖിയ്യൻ.” “അയാളുടെ ആശയാഭിരുചികൾ എന്തുമാവട്ടെ നമുക്കത് പ്രശ്നമല്ല, അയാൾ വിശ്വാസിയും ഭക്തനുമാണെങ്കിൽ.”

### വിപ്ലവം സൃഷ്ടിച്ച ഖുതുബകൾ

ദാറുൽ ഇസ്‌ലാമിൽ എത്തിയ ഉടനെ മൗലാനാ മൗദൂദി ചെയ്ത ഒരു കാര്യം അവിടത്തെ നമസ്കാരപള്ളിയെ ജുമുഅത്ത് പള്ളിയായി പ്രഖ്യാപിക്കുകയാണ്. അനന്തരം മുസ്‌ലിംകൾ ജുമുഅ നമസ്കാരത്തിനു ഈ പള്ളിയിൽ ഹാജരാകണമെന്ന് അഞ്ചു മൈൽ ചുറ്റളവിൽ വിളംബരം നടത്തി. അദ്ദേഹം ആദ്യമായി ഖുതുബ ഉർദുവിൽ നിർവഹിച്ചു. ഫിഖ്ഹിന്റെ നൂലാമാലകളിൽനിന്നും ഉയർന്ന് നിന്ന് ശ്രോതാക്കളിൽ ഇസ്‌ലാമികമായ അറിവും ബോധവും ഭക്തിയും ആവേശവും സൃഷ്ടിക്കാനാണ് അദ്ദേഹം തന്റെ ഖുതുബകളിൽ ശ്രമിച്ചത്. വെള്ളിയാഴ്ചതോറുമുള്ള മുസ്‌ലിംകളുടെ ഒത്തുചേരൽ അവരുടെ ഐക്യപ്പെടലിന്റെയും സംഘടിക്കലിന്റെയും പ്രഥമപടിയായി അദ്ദേഹം മനസ്സിലാക്കി. തങ്ങളുടെ പ്രദേശങ്ങളിലും ജുമുഅഖുതുബകളെ മുസ്‌ലിംകളെ ദീനിബോധമുള്ളവരാക്കുന്നതിനുള്ള മാർഗമായി ഉപയോഗിക്കണമെന്ന് തർജുമാനുൽ ഖുർആൻ വായനക്കാരും സമാന ചിന്താഗതിക്കാരുമായ ആളുകൾക്ക് അദ്ദേഹം നിർദേശം നൽകി. തന്റെ ജുമുഅ ഖുതുബകൾ തർജുമാനുൽ ഖുർആനിലൂടെ തുടർച്ചയായി പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുകയും ചെയ്തു. ഈ ഖുതുബകളാണ് പിന്നീട് “ഖുതുബാത്” എന്ന പേരിൽ പുസ്തക രൂപത്തിൽ അച്ചടിച്ചുവന്നത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദർശപരമായ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ ഈ ഖുതുബകൾ വഹിച്ച പങ്ക് നിസ്സീമമാണ്. ലോകത്തിലെ നിരവധി ഭാഷകളിൽ ''ഖുതുബാതി”ന്റെ അനേകം പതിപ്പുകൾ ഇന്നും ഇറങ്ങിക്കൊണ്ടിരിക്കുന്നു. മലയാളത്തിൽ തന്നെ ഇതിനകം ഖുതുബാത്തിന് എട്ട് പതിപ്പുകൾ ഇറങ്ങിക്കഴിഞ്ഞു

### പർദധാരിണികൾക്കൊരു ആതുരാലയം

മുസ്‌ലിം മെറ്റേർണിറ്റി ആന്റ് സനാനാഖാന ഹൈദരാബാദിലെ മാത്രമല്ല ഇന്ത്യയിലെത്തന്നെ അനുപമമായ ഒരു ചികിത്സാ കേന്ദ്രമാണ്. സ്ത്രീകൾക്കായുള്ള ഈ ആശുപത്രിയിൽ എല്ലാ വിഭാഗത്തിലും പെട്ട സ്ത്രീകൾക്ക് ചികിത്സ ലഭ്യമാണെങ്കിലും മുസ്‌ലിം സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹം തന്നെയാണിത്. ഹൈദരാബാദിലെ പർദാധാരിണികളായ മുസ്‌ലിം സ്ത്രീകൾക്ക് ഒരാശുപത്രി ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 1970 ൽ ആയിരം രൂപ മൂലധനവുമായി ജമാഅത്തെ ഇസ്‌ലാമി ആന്ധ്രാ ശാഖയുടെ അന്നത്തെ അമീർ മൗലാനാ അബ്ദു റസാഖ് ലത്തീഫി മുൻകയ്യെടുത്ത് സ്ഥാപിച്ചതാണ് സ്ത്രീകൾക്ക് വേണ്ടി സ്ത്രീകൾ മാത്രം ഡോക്ടർമാരായുള്ള ഈ ആതുര ചികിത്സാ കേന്ദ്രം. പിന്നീട് “ഇസ്‌ലാമിക് സോഷ്യൽ സർവീസ് സൊസൈറ്റി” ഏറ്റെടുത്ത സ്ഥാപനം നഗരത്തിലെ ഏറ്റവും വലിയ ആശുപത്രികളിലൊന്നായി വികസിച്ചുവരികയാണ്. ഏതാനും മാസങ്ങൾക്ക് മുമ്പ് ഉസ്മാൻ പുരയിലെ പുതിയ കെട്ടിടത്തിലേക്ക് മാറ്റപ്പെട്ട ആശുപത്രിയിൽ ഇപ്പോൾ പതിമൂന്നു ലേഡി ഡോക്ടർമാരും 23 നഴ്സുമാരും 29 മിഡ്‌വൈഫുമാരുമുണ്ട്. ടെക്നീഷ്യന്മാരും മറ്റു സ്റ്റാഫുകളുമെല്ലാം കൂടി 40 ജീവനക്കാർ വേറെയും. ഒരേ സമയത്ത് 7 പ്രസവ കേസുകൾ കൈകാര്യം ചെയ്യാൻ ഇവിടെ സൗകര്യമുണ്ട്. രണ്ട് ഓപ്പറേഷൻ തിയേറ്ററുകൾ, രണ്ടു ഇൻകുബേറ്റർ, 20 ക്രെഡിലുകൾ എന്നിവയും 51 ബെഡ്ഡുകളുമാണുള്ളത്. കെട്ടിടം പണി പൂർത്തിയാകുന്നതോടെ ബെഡ്ഡുകളുടെ എണ്ണം 50 ആക്കി ഉയർത്താൻ കഴിയും. സ്ത്രീകൾക്കായുള്ള ഒരു മെഡിക്കൽകോളേജായി സ്ഥാപനത്തെ ഉയർത്താനാണ് അധികൃതർ ഉദ്ദേശിക്കുന്നത്. 30 മാസം നീണ്ടു നിൽക്കുന്ന ഒരു നഴ്സിംഗ് പരിശീലന കോഴ്സ് ഇവിടെ നടത്തി വരുന്നുണ്ട്. ഇതിനകം 250 ലധികം യുവതികൾ ഈ കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങിയിരിക്കുന്നു.

ഇന്ത്യവിഭജിക്കപ്പെട്ട സമയം. മുസ്‌ലിംകൾ പാക്കിസ്ഥാനിലേക്കും ഹിന്ദുക്കൾ അവിടെനിന്ന് ഇന്ത്യയിലേക്കും പ്രവഹിക്കുകയാണ്. നാട്ടിലുടനീളം വർഗീയ കലാപങ്ങൾ. വീട്ടിൽനിന്ന് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. ഇന്ത്യൻ യൂനിയനിൽ അവശേഷിച്ച ജമാഅത്ത് നേതാക്കൾ യു.പി.യിൽ യോഗം ചേരുന്നു. കേരളത്തിൽ നിന്നുള്ള പ്രതിനിധി ഹാജി സാഹിബാണ്. പക്ഷേ, അദ്ദേഹത്തെ അവർ പ്രതീക്ഷിക്കുന്നില്ല. സംഘർഷങ്ങൾ അത്രമാത്രം രൂക്ഷമായിരുന്നു. യോഗം തുടങ്ങാറായപ്പോൾ അതാ വരുന്നു ഹാജിസാഹിബ്! എല്ലാവരും അത്ഭുതത്തോടെ ചോദിച്ചു. “താങ്കൾ എങ്ങനെ ഇവിടെ എത്തി?” ഹാജിസാഹിബ് ഷർട്ട് ഉയർത്തിക്കൊണ്ടു പറഞ്ഞു.

“ഇതാ ഇവന്റെ സഹായത്തോടെ''

'ഇവൻ' ഒരു കഠാരയായിരുന്നു.

“ഞാൻ ഇന്നലെ ജമാഅത്തെ ഇസ്‌ലാമിയുടെ സമ്മേളനത്തിൽ സംബന്ധിച്ചു. അത് സാധുക്കളുടെ സമ്മേളനമായിരുന്നു -ഭിക്ഷയാചിക്കുന്ന സാധുക്കളുടേതല്ല- നന്മ പ്രചരിപ്പിക്കുകയും മനുഷ്യരെ സേവിക്കുകയും ഉച്ചനീചത്വം തുടച്ചുനീക്കുകയും നിങ്ങൾ ദൈവദാസരാണെങ്കിൽ ദൈവത്തിന്റെ കൽപനകൾ അനുസരിക്കൂ എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്ന സാധുക്കളുടെ സമ്മേളനം. അവരുടെ സമ്മേളനത്തിൽ സംബന്ധിച്ചതിൽ എനിക്ക് ഖേദഃമില്ല; സന്തോഷമേയുള്ളൂ. അവർ ഇനിയും എന്നെ ക്ഷണിച്ചാൽ കാൽനടയായെങ്കിലും ഞാനവരുടെ സമ്മേളനത്തിൽ സംബന്ധിക്കും''

(ഗാന്ധിജി, സർച്ച്‌ലൈറ്റ് - പാറ്റ്ന 27 ഏപ്രിൽ 1946)

**ജമാഅത്തിന്റെ ആദ്യത്തെ സർക്കുലർ**

ഹിജ്റാബ്ദം 1360 ശഅ്ബാൻ മാസത്തിലെ ആദ്യവാരത്തിൽ ലാഹോറിലെ പുഞ്ച് റോഡിലുള്ള തർജുമാനുൽ ഖുർആൻ ഓഫീസിൽ ചേർന്ന ജമാഅത്തിന്റെ പ്രഥമയോഗ തീരുമാനങ്ങളാണ് തുടർന്നുള്ള പേജുകളിൽ. തീരുമാനങ്ങൾ പൊതുവിതരണത്തിനുള്ളതല്ല; ജമാഅത്ത് അംഗങ്ങൾ മാത്രം ശ്രദ്ധിച്ചിരിക്കാൻ വേണ്ടിയുള്ളതാണ്. ഓരോ പ്രാദേശിക ഹൽഖയും ഇതിന്റെ രണ്ടുകോപ്പി കൈവശം വെച്ചിരിക്കണം. ഒന്ന് ജമാഅത്ത് റിക്കാർഡുകളിൽ സൂക്ഷിക്കാനുള്ളത്. മറ്റേത് ജമാഅത്ത് അംഗങ്ങളുടെ പഠനത്തിനും. ജമാഅത്തിലേക്ക് കടന്നുവരുന്നവരോ ജമാഅത്തിനെ സംബന്ധിച്ച് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവരോ ആയ പുതിയ ആളുകൾക്ക് ഭരണഘടനയോടൊപ്പം ഇത് കൂടി വായിക്കാൻ നൽകുന്നത് നന്നായിരിക്കും.

ഖമറുദ്ദീൻ ഖാൻ

(നാസിം; ജമാഅത്ത് സംഘടനാവിഭാഗം)

നിങ്ങൾ മതപ്രബോധനം നടത്തിക്കോളൂ, രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതെന്തിന്? എന്ന് ചിലർ ചോദിക്കുന്നു. പക്ഷേ, മതമുക്തമായ രാഷ്ട്രീയം സ്വേഛാധിപത്യപരമായിരിക്കുമെന്നാണ് നമ്മുടെ പക്ഷം. സ്വേഛാധിപത്യത്തിന് തലകുനിക്കുന്നതും നാം പള്ളിയുടെ കോണുകളിൽ ദീൻ പഠിപ്പിച്ചു കൊണ്ട് ചടഞ്ഞുകൂടുന്നതുമാണോ ഇവർക്കിഷ്ടം? അല്ലെങ്കിൽ പ്രബോധനം ചെയ്യുവാൻ നമ്മോട് ഇവരാവശ്യപ്പെടുന്ന മതം തന്നെ ഏതാണ്? രാഷ്ട്രീയത്തിനു പ്രവേശനമില്ലാത്ത പൗരോഹിത്യ മതമാണെങ്കിൽ നമുക്കതിൽ വിശ്വാസമില്ല. ഇനി നാം വിശ്വസിക്കുന്ന യഥാർഥ ഇസ്‌ലാമാണെങ്കിൽ, രാഷ്ട്രീയത്തിന് പ്രവേശനമനുവദിക്കുക മാത്രമല്ല, അതിനെ ഒരഭിവാജ്യ ഘടകമായി ഗണിക്കുക കൂടി ചെയ്യുന്നു!

'നിങ്ങൾ മുമ്പ് മതത്തിന്റെ മാത്രം ആളുകളായിരുന്നു. ഇപ്പോളെന്തിന് രാഷ്ട്രീയക്കാരായി' എന്നാണ് ചിലരുടെ ആക്ഷേപം! ഒരു നിമിഷവും നാം രാഷ്ട്രീയമില്ലാത്ത മതത്തിന്റെ ആളുകളായിരുന്നിട്ടില്ല. അതുപോലെത്തന്നെ, മതമില്ലാത്ത രാഷ്ട്രീയപ്പാർട്ടി ആവുന്നതിനേക്കാൾ ദൈവശാപത്തിനു വിധേയരായി നശിക്കാനാണ് നാമിഷ്ടപ്പെടുക. നാം ഇസ്‌ലാമിന്റെ അനുയായികളും അതിന്റെ സംസ്ഥാപനം കാംക്ഷിക്കുന്നവരുമാണ്. അതെത്രത്തോളം മതകീയമാണോ നാമും അത്രമാത്രം മതാനുയായികളാണ്. അതിന് രാഷ്ട്രീയവുമായുള്ളേടത്തോളം ബന്ധമേ നമുക്കും രാഷ്ട്രീയത്തോടുള്ളൂ.' ആദ്യം മുതൽക്കേ തന്നെ നാം ഈ നിലപാടാണ് സ്വീകരിച്ചുപോന്നത്. ഇന്നലെ 'മതക്കാരെ'ന്നു വിളിച്ചപ്പോഴും ഇന്ന് രാഷ്ട്രീയ സംഘടനയെന്നു പേരിട്ടപ്പോഴും അവർ നമ്മെ യഥാവിധി മനസ്സിലാക്കിയില്ല. മതത്തിലും രാഷ്ട്രീയത്തിലുമെല്ലാം അവരുടെ മാതൃക യൂറോപ്പായിരുന്നു. അതുകൊണ്ട് അവർക്ക് ഇസ്‌ലാമിനെ മനസ്സിലാക്കാൻ കഴിഞ്ഞില്ല-നമ്മെയും!

-അബുൽ അഅ്ലാ മൗദൂദി

"ജനനമരണങ്ങളെക്കുറിച്ച തീരുമാനമെടുക്കുന്നത് ഭൂമിയിലല്ല. ആകാശത്തുവെച്ചാണ്. അവിടെ എന്റെ മരണത്തെക്കുറിച്ച് തീരുമാനമെടുത്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ ആ തീരുമാനം മാറ്റാൻ ഒരു ശക്തിക്കും സാധ്യമല്ല. അവിടെ എന്റെ മരണത്തെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ലെങ്കിൽ എന്നെ മരിപ്പിക്കാനും ലോകത്തൊരു ശക്തിക്കും സാധിക്കുകയില്ല."

-മരണശിക്ഷ വിധിക്കപ്പെട്ട് ജയിലിൽ കഴിയവെ പ്രസിഡന്റിന് ദയാഹരജി സമർപ്പിക്കാൻ ആവശ്യപ്പെട്ടവരോട് മൗലാനാ മൗദൂദി പറഞ്ഞ വാക്കുകൾ.

ഫലസ്തീനിലെ ചെറുപ്പക്കാരും കുട്ടികളും വെറും കയ്യോടെ ഇസ്രായേലിന്റെ ടാങ്കുകളെയും പീരങ്കികളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. ധീരരായ ഈ കുട്ടികളെ വാർത്തെടുത്തത് ഇമാം ഹസനുൽ ബന്നയുടെയും ഇസ്സുദ്ദീനുൽ ഖസ്സാമിന്റെയും മൗലൗനാ മൗദൂദിയുടെയും ചിന്തകളാകുന്നു.

ഡോക്ടർ മുഹമ്മദ് സിയാം,

ഗാസാ യൂനിവേഴ്സിറ്റി പ്രൊഫസറും ഇൻതിഫാദ നേതാവും.

**ഉങ്കൾ കെ.സി. അബ്ദുല്ല വരികിരാർ!**

ആയിത്തിത്തൊള്ളായിരത്തി അറുപത്. ഈയുള്ളവൻ മദ്രാസിലെ പ്രസിഡൻസി മജിസ്ട്രേറ്റ് കോടതിയിൽ ജോലി ചെയ്യുന്നകാലം. ഒരു ദിവസം സിറ്റി ക്രൈംബ്രാഞ്ച് കോൺസ്റ്റബ്ൾ ബാലസുബ്രമഹ്ണ്യം കോടതിയിലേക്കു കടന്നുവന്നു. എന്നെ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു.

"സർ, കെ.സി. അബ്ദുല്ല ഡൽഹി പോകിറാർ?"

കെ.സി. അബ്ദുല്ല മൗലവി അന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീറാണ്. അദ്ദേഹം ഡൽഹിയിൽ പോകുന്ന വിവരം ബാലസുബ്രമഹ്ണ്യം എങ്ങനെ അറിഞ്ഞുവെന്ന് ഞാൻ അൽഭുതപ്പെട്ടു.

"കെ.സി. അബ്ദുല്ല മൗലവി ഡൽഹി പോകിറത് ഉങ്കൾക്കെപ്പടി തിരിയും?" ഞാൻ ചോദിച്ചു.

"സാർ, അദ്ദേഹത്തിന്റെ തലയിൽ എത്ര രോമമുണ്ടെന്നുപോലും ഞങ്ങൾക്കറിയും" എന്ന ബാലസുബ്രമഹ്ണ്യത്തിന്റെ മറുപടിയാണ് എന്നെ കൂടുതൽ അൽഭുതപ്പെടുത്തിയത്.

കോയമ്പത്തൂരിൽനിന്നും തുടങ്ങി മദിരാശിവരെയുള്ള ഓരോ സ്റ്റേഷനിലും കെ.സിയെ കാണുന്നവരുടെ പേരു വിവരങ്ങളും കെ.സി.യുടെ മറ്റു നീക്കങ്ങളും മദിരാശി വിടുന്നതുവരെയുള്ള അനക്കങ്ങളും സി.ഐ.ഡി.യുടെ നിരീക്ഷണങ്ങൾക്കു വിധേയമാണത്രെ.

കെ. അബൂബക്കർ വടക്കാങ്ങര

### ചൗധരി നിയാസ് അലി സാഹിബ്

ചൗധരി നിയാസ് അലി സാഹിബ് പഞ്ചാബിലെ ഹോഷിയാർപൂർ ജില്ലയിൽ പെട്ട മാഹിൽപൂരിൽ 1980-ലാണ് ജനിച്ചത്. എഞ്ചിനിയറിംഗിൽ ബിരുദമെടുത്തശേഷം സാൾട്ട്മൈൻസിൽ സർവയറായി സർക്കാർ ജോലിയിൽ പ്രവേശിച്ച അദ്ദേഹം റിട്ടയർ ചെയ്യുമ്പോൾ കനാൽ വകുപ്പിൽ എസ്. സി. ഒ. ആയിരുന്നു. ഝലം, സൂറത്ത്, സാദിഖ കനാലുകളുടെ നിർമാണത്തിൽ അദ്ദേഹം മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. വലിയൊരു ജന്മിയും ധനികനും സർക്കാറുദ്യോഗസ്ഥനുമൊക്കെയായിരുന്നിട്ടും അങ്ങേയറ്റം മതഭക്തനും ദീനീസ്നേഹിയുമായിരുന്നു, നിയാസ് അലി സാഹിബ്. നമസ്കാരത്തിന് കൃത്യമായി പള്ളിയിൽ എത്തിയിരുന്നു. ഖുർആൻ പാരായണവും ഐഛികാരാധനാകർമങ്ങളുമെല്ലാം നിഷ്ഠയോടെ നിർവഹിച്ചിരുന്ന അദ്ദേഹം ലളിതമായ ജീവിതമാണ് നയിച്ചിരുന്നത്. അനൗപചാരികമായി ഖുർആനും സുന്നത്തും അറബിഭാഷയുമൊക്കെ പഠിച്ചിരുന്ന അദ്ദേഹം ഖുർആനിലെ 'അമ്മ ജുസുഇ'ന് സ്വന്തമായി ഒരു ലളിത പരിഭാഷ രചിച്ചിട്ടുണ്ട്.

മുസ്‌ലിംലീഗ് മെമ്പറായിരുന്നുവെങ്കിലും ലീഗ് പ്രവർത്തകരുടെ മത-ധാർമിക നിലവാരം ഒരിസ്‌ലാമിക രാഷ്ട്രം സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകാൻ പറ്റിയതെല്ലെന്ന യാഥാർഥ്യം അദ്ദേഹം മനസ്സിലാക്കിയിരുന്നു. മൗലാനാ മൗദൂദിയുടെ 'സിയാസി കശ്മകശി'ന്റെ ഒന്നാംഭാഗം -മുസ്‌ലിം ലീഗിനെ സംബന്ധിച്ച വിമർശനമാണ് ഇതിലെ ഉള്ളടക്കം- ആയിരക്കണക്കിനു കോപ്പികൾ സ്വന്തമായി അച്ചടിച്ച് ലീഗ് പ്രവർത്തകർക്കിടയിൽ അദ്ദേഹം വിതരണം ചെയ്തിരുന്നു. പിന്നീട് കോൺഗ്രസിനെ വിമർശിക്കുന്ന അതിന്റെ രണ്ടാംഭാഗം പുറത്തിറങ്ങിയപ്പോഴും അദ്ദേഹം അതച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി.

മൗദൂദിയോടും കുടുംബത്തോടും ചൗധരി നിയാസ് അലി അങ്ങേയറ്റത്തെ സ്നേഹവും ബഹുമാനവും പുലർത്തിയിരുന്നു. പഠാൻകോട്ടെ ദാറുൽ ഇസ്‌ലാം ഗ്രാമത്തിനു പുറത്തായിരുന്നു അദ്ദേഹത്തിന്റെ വീട്. എങ്കിലും എല്ലാ ദിവസവും അദ്ദേഹം മൗദൂദിയെ സന്ദർശിക്കുമായിരുന്നു. മൗദൂദി പല പരിപാടികൾക്കുമായി പുറത്തുപോകുമ്പോഴൊക്കെ മൗദൂദിയുടെ കുടുംബത്തിന് സ്വന്തം കുടുംബത്തെപ്പോലെ കരുതി എല്ലാ ഒത്താശകളും അദ്ദേഹം ചെയ്തുകൊടുത്തു. വിഭജനാനന്തരം ലാഹോറിലെത്തിയ അദ്ദേഹം സ്വന്തം കുടുംബത്തെ ഒരിടത്ത് താമസിപ്പിച്ചശേഷം ഒരു ഭൃത്യനോടൊപ്പം മൗദൂദിയുടെ വീട്ടിലാണ് കുറേ ദിവസം താമസിച്ചിരുന്നത്. 1976-ൽ ചൗധരി നിയാസ് അലി സാഹിബ് അന്തരിച്ചപ്പോൾ, നാൽപതു കൊല്ലം നീണ്ടുനിന്ന ഈ സുഹൃദ്ബന്ധത്തിന്റെ ഓർമകൾ ഒരനുസ്മരണക്കുറിപ്പു മുഖേന മൗദൂദി അയവിറക്കുകയുണ്ടായി.

### ജ. ഇ. കേന്ദ്ര ഓഫീസ് വിവിധ കാലങ്ങളിൽ

1. 1948-ലെ ഏതാനും മാസങ്ങൾ സറായെമീർ (യു.പി)
2. 1948-1949 (ഒരു വർഷത്തോളം മലീഹാബാദ് (യു.പി)
3. 1949-1960 റാംപൂര് (യു.പി)
4. 1960-1991 (നവംബർ 20 വരെ) ഡൽഹി (ചിത്‌ലി ഖബർ)
5. നവംബർ 20 മുതൽ ഡൽഹി (ഓഖ്‌ല)

അൾജീരിയയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിൽ മൂന്നു മഹാന്മാരുടെ ചിന്തകൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആധുനിക യുഗത്തിലെ ഇസ്‌ലാമിക ദാർശനികനായ മലിക്ബ്നു നബി, പുത്തൻ തലമുറയുടെ ഇമാമായ മൗലാനാ മൗദൂദി, ഇമാം ഹസനുൽ ബന്ന.

മഹ്ഫൂസ് അന്നഹ്നാഹ്, അൾജീരിയ.